**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2484 — 05.11.2019-ലെ മറുപടിയ്ക്ക്

**<u>വ്യാജ സ്പോർട്സ് സർട്ടിഫിക്കറ്റുകളിലൂടെ ഗ്രേസ് മാർക്ക്</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | വ്യാജ സ്പോർട്സ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ലഭിച്ച ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടിയ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള 42 അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന ജില്ലാ/സംസ്ഥാന മത്സരങ്ങൾക്ക് സ്പോർട്സ് കൗൺസിലിൽ നിന്നും നിരീക്ഷകനെ അനുവദിച്ച് വരുന്നതും നിരീക്ഷന്റെ സാന്നിദ്ധ്യത്തിൽ മത്സരങ്ങൾ നടത്തുന്നതും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഒപ്പ് വയ്ക്കുന്നതുമാണ്. അത്തരത്തിൽ അംഗീകരിച്ച സ്പോർട്സ് സർട്ടിഫിക്കറ്റുകൾ മാത്രമാണ് പി.എസ്.സി വെയിറ്റേജ് മാർക്കിന് പരിഗണിക്കുന്നത്. സ്കൂൾ/കോളേജുകളിൽ നിന്നും നൽകുന്ന സ്പോർട്സ് സർട്ടിഫിക്കറ്റുകളിൽ ബന്ധപ്പെട്ട മേലധികാരികളുടെ സാക്ഷ്യപത്രത്തോട്ടു കൂടി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പരിഗണിക്കാറുള്ളൂ. |
| (ബി) | ഇത്തരം സ്പോർട്സ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ലഭിയ്ക്കുന്ന ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. പരീക്ഷകൾക്കുൾപ്പെടെ ഉന്നത റാങ്ക് നേടാനുള്ള സാഹചര്യം നിലവിലുള്ളത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ ; | | |
| (സി) | പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഇത്തരം ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ ഇടംപിടിക്കുന്ന ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകളുടെ ആധികാരികതയെങ്കിലും പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ ; ഇല്ലെങ്കിൽ ആയത് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ? | (സി) | സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിന്റെ ഭാഗമായി സർട്ടിഫിക്കറ്റ് പരിശോധന ഓൺലൈൻ മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**